# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 881   13.06.2012-ൽ മറുപടിയ്ക്ക്

### പട്ടികജാതിക്കാരുടെ ക്ഷേമത്തിനായുള്ള നടപടികൾ

**ചോദ്യം**

ശ്രീ. കെ. രാജു

**ഉത്തരം**

ശ്രീ. എ. പി. അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും
വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ | ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമത്തിന് എന്തൊക്കെ നടപടികൾ സ്വീകരി ച്ചുവെന്ന് വ്യക്തമാക്കുമോ; | എ | ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു. |
| ബി | ഈ ഇനത്തിൽ എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ? | ബി | പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമത്തിനായി 2011-12 ൽ 631.63 കോടി രൂപ വിവിധ ഇനങ്ങളിലായി ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. ഇ-ഗ്രാന്റ്സ് മുഖേന 3.78 ലക്ഷം കുട്ടികൾക്ക് എല്ലാ വിഭാഗങ്ങളിലുമായി 2011-2012 സാമ്പത്തിക വർഷത്തിൽ പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യ ങ്ങൾ വിതരണം ചെയ്യുന്നതിനായി 218 കോടി രൂപ ചെലവഴിച്ചു.

2. ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി 5790 പേർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകി. ഈ പദ്ധതി പ്രകാരം ഭൂമി വാങ്ങുന്നതിന് നൽകുന്ന ധനസഹായം പഞ്ചായത്തുകളിൽ 1.50 ലക്ഷം രൂപയായും മുനിസിപ്പാലി റ്റികളിൽ 1.75 ലക്ഷം രൂപയായും കോർപ്പറേഷനുകളിൽ 2 ലക്ഷം രൂപയായും വർ ദ്ധിപ്പിച്ചു.

3. പട്ടികജാതി വികസന വകുപ്പു മുഖേന നൽകി വരുന്ന ഭവന നിർമ്മാണ ധനസഹായം നിലവിലുണ്ടായിരുന്ന ഒരു ലക്ഷം രൂപയിൽ നിന്നും രണ്ടു ലക്ഷം രൂപയായി ഉയർത്തി.

4. തളിപ്പറമ്പ് ആൺകുട്ടികളുടെ പ്രീ മെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിനായി 85 ലക്ഷം രൂപ അനുവദിച്ചു.

5. തിരുവനന്തപുരം പോസ്റ്റ് മെട്രിക് (ആൺ) ഹോസ്റ്റലിന് മണ്ണന്തലയിൽ പുതിയ കെട്ടിടം നിർമ്മിച്ചു.

6. കുഴൽമന്ദത്തും പയ്യന്നൂരിലും പാരാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തനം ആരംഭിച്ചു.

7. പട്ടികജാതി വകുപ്പിന്റെ കീഴിൽ പാലക്കാട് ജില്ലയിൽ ഒരു മെഡിക്കൽ കോളേജ് തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ കൈക്കൊണ്ടു.

8. സംസ്ഥാനത്തെ സർക്കാർ, എയിഡഡ് സ്കൂളുകളിൽ പഠിക്കുന്ന 8-ാം ക്ലാസ്സിലെ എല്ലാ പട്ടികജാതി വിദ്യാർത്ഥികൾക്കും സൈക്കിൾ വിതരണം ചെയ്തു.

9. പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 90 പ്രീ മെട്രിക് ഹോസ്റ്റലുകളിൽ ലൈബ്രറി, റീഡിംഗ് റൂം, ബുക്കുകൾ, ഫർണീച്ചർ, കമ്പ്യൂട്ടർ എന്നിവ സജ്ജീകരിച്ച് നവീകരിച്ചു.

10. 2011 ൽ 10-ാം ക്ലാസ്സ് പരീക്ഷയിൽ എ+, എ, ബി, ബി+ ഗ്രേഡുകൾ നേടി വിജയിച്ച വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ്, പ്രവേശന പരീക്ഷയ്ക്കുള്ള പരിശീലന പദ്ധതി നടപ്പിലാക്കി.

11. സംസ്ഥാനത്തെ തെരഞ്ഞെടുത്ത കോളനികളിൽ വിജ്ഞാൻവാടികൾ സ്ഥാപിച്ച് ലൈബ്രറി, റീഡിംഗ്റൂം, ഇന്റർനെറ്റ് സംവിധാനത്തോടെയുള്ള കമ്പ്യൂട്ടർ എന്നിവ സജ്ജീകരിച്ചു.

12. NTTF ന്റെ സഹകരണത്തോടെ കമ്മ്യൂണിറ്റി കോളേജ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു.

13. നൈപുണ്യമുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോൽസാഹനവും അയ്യൻകാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പിനും വേണ്ടി 214.98 ലക്ഷം രൂപ ചെലവഴിച്ചു.

14. സ്പോർട്സിലും ഗെയിംസിലും പട്ടിക ജാതി വിദ്യാർത്ഥികളുടെ നിലവാരം ഉയർത്താനുള്ള പദ്ധതിക്കു വേണ്ടി 174.99 ലക്ഷം രൂപ ചെലവാക്കി.

15. പട്ടികജാതി യുവതികളുടെ വിവാഹത്തിനും മേജർ ചികിത്സാ ധനസഹായത്തിനും വേണ്ടി 1964.05 ലക്ഷം രൂപ ചെലവഴിച്ചു.

16. പട്ടിക വിഭാഗത്തിലുള്ള ദുർബ്ബല വിഭാഗ ക്കാരുടെ ഉന്നമന പദ്ധതിക്കു വേണ്ടി 1044.6' ലക്ഷം രൂപ ചെലവാക്കി.

17. സ്വയം തൊഴിൽ പദ്ധതിക്കുവേണ്ടി 754.49 ലക്ഷം രൂപ ചെലവഴിച്ചു.

18. 01.02.2012 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ: 191/2012/പജപവവിവ. പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്കായി തൃശ്ശൂർ മെഡിക്കൽ കോളേജ് ക്യാമ്പസിൽ ഹോസ്റ്റൽ നിർമ്മാണത്തിന് ഭരണാനുമതി നൽകി.

19. 01.02.2012 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ: 199/2012/പജപവവിവ. പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്കായി സൈബർശ്രീ മുഖേന സോഫ്റ്റ് വെയർ ഡെവലപ്പ്മെന്റ് ട്രെയിനിംഗ് പ്രോഗ്രാമിന് ഭരണാനുമതി നൽകി.

20. 01.02.2012 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ: 200/2012/പജപവവിവ. പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്കായി "Product Design in Autocad and 3D Software" എന്ന പദ്ധതിക്ക് ഭരണാനുമതി നൽകി.

21. 18.02.2012 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ: 308/2012/പജപവവിവ. പ്രകാരം ഇടുക്കി, എറണാകുളം, കോട്ടയം, തൃശ്ശൂർ ജില്ലകളിലെ പട്ടികജാതിക്കാരായ വനിതകൾക്ക് ഉത്പാദനക്ഷമതയുള്ള മേൽത്തരം കന്നുകാലികളെ വിതരണം ചെയ്യുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകി.

22. 29.02.2012 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ: 364/12/പജപവവിവ. പ്രകാരം പട്ടികജാതി വികസന വകുപ്പിൻ കീഴിലുള്ള 32 ഐടിഐകളിൽ ഫോട്ടോസ്റ്റാറ്റ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകി.

23. 29.02.2012 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ: 366/12/പജപവവിവ. പ്രകാരം സ്വയം തൊഴിൽ പദ്ധതിയിൽപ്പെടുത്തി പട്ടികജാതി/പട്ടികവർഗ്ഗ പെട്രോളിയം ഡീലർമാർക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകി.

24. 02.03.2012 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ: 374/12/പജപവവിവ. പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് ബാങ്ക് ആഫീസർ/ക്ലാർക്ക് പരീക്ഷയ്ക്ക് പരിശീലന പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി.

25. 20.03.2012 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ: 496/12/പജപവവിവ. പ്രകാരം പട്ടികജാതി വികസന വകുപ്പിൻ കീഴിൽ 36 സ്ഥലങ്ങളിൽ വിർച്ചൽ പ്രി എക്സാമിനേഷൻ സെന്റർ തുടങ്ങുന്നതിനുള്ള ഭരണാനുമതി നൽകി.

26. 20.03.2012 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ: 501, 502, 503/12/പജപവവിവ. പ്രകാരം കേരളത്തിലെ പട്ടികജാതി ജനവിഭാഗങ്ങൾക്ക് അടുക്കള തോട്ടം തുടങ്ങുന്ന പദ്ധതിക്ക് അനുമതി നൽകി.

27. 31.01.2012 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ: 20/12/പജപവവിവ. പ്രകാരം ക്ഷീര ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഇടുക്കി, കോട്ടയം, എറണാകുളം, തൃശ്ശൂർ ജില്ലകൾ ഒഴികെയുള്ള ജില്ലകളിലെ പട്ടികജാതി വനിതകൾക്ക് ഉത്പാദനക്ഷമതയുള്ള മേൽത്തരം കന്നുകാലികളെ നൽകുന്ന പദ്ധതിക്ക് ഭരണാനുമതി നൽകി.

28. 13.03.2012 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ: 45/12/പജപവവിവ. പ്രകാരം പട്ടികജാതി വികസന വകുപ്പിൻ കീഴിൽ പട്ടികജാതി ജനവിഭാഗങ്ങൾ കൂടുതലായി താമസിക്കുന്ന പ്രദേശങ്ങൾ സ്വയം പര്യാപ്ത വില്ലേജുകളാക്കി മാറ്റുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകി.

(signature)
സെക്ഷൻ ഓഫീസർ